# ഹൃദയ കുഴപ്പങ്ങൾ അതിജീവിക്കൽ

കൈ ചുരുട്ടി ഒരു ഹസ്തമുഷ്ടിയുണ്ടാക്കുക. നമ്മുടെ ഓരോരുത്തരുടേയും നെഞ്ചിനുള്ളിൽ: $5^1/_2$ ബൈ $3^1/_2$ ബൈ $2^1/_2$ ഇഞ്ച് വലിപ്പത്തിലുള്ള പൊള്ളയായ ഒരു പേശിയുണ്ട്. പുരുഷന്മാരിൽ, അതിന്റെ തൂക്കം ഏതാണ്ട് പതിനൊന്ന് ഔൺസും; സ്ത്രീകളിൽ, ഒമ്പത് ഔൺസുമാണ്. അതു ഏതാണ്ട് അഞ്ചേകാൽ ഗ്യാലൻ രക്തം ശരീരം മുഴുവൻ എപ്പോഴും അടിച്ചുവിടുന്നു. അതു ഓരോ ദിവസവും ഒരാൾ ഉറങ്ങിയാലും ഉണർന്നിരുന്നാലും, ഏതാണ്ട് 100,000 പ്രാവശ്യം പൈപ്പ് ലൈനുകൾ ഘടിപ്പിച്ചിരിക്കുന്നു – അതു ശരീരത്തെ മുഴുവൻ പോഷിപ്പിക്കയും വായു എത്തിക്കയും ചെയ്യുന്നു പാഴ്‌വസ്തുക്കളെ നീക്കി ശരീരത്തെ ഉണർവ്വോടും ജീവനോടും നിലനിർത്തുന്നു. അത് ഒരിക്കലും വിശ്രമിക്കാറില്ല. ഈ അവയവത്തെ ജനിക്കുന്നതിനുമുൻപു മുതൽ മരണം വരെ പരിശോധിക്കുന്നു. തീർച്ചയായാലും, ഞാൻ, പറയുന്നത് ഭൗതികജീവിതത്തിന്റെ അന്തർഭാഗത്തുള്ള, ഹൃദയത്തെപ്പറ്റിയാണ്.

ഭൗതികമായ ആരോഗ്യത്തിന്റെ കേന്ദ്രം *ഭൗതിക* ഹൃദയം ആകുന്നതുപോലെ, ആത്മിക ആരോഗ്യത്തിന്റെ കേന്ദ്രം *ആത്മിക ഹൃദയ മാണ്.*[1] ആത്മിക ഹൃദയം അദൃശ്യമാണ്. അതു നിങ്ങളുടെ കയ്യിൽ പിടിച്ചാൽ കാണുകയില്ല. ഏറ്റവും പ്രാഗത്ഭ്യമുള്ള ഡോക്ടറുടെ ശസ്ത്രക്രിയാ കത്തികൊണ്ടുപോലും സ്പർശിക്കാവുന്നതല്ല. എങ്ങനെയായാലും, ഭൗതിക ഹൃദയം ഒരു ഡോക്ടറുടെ നിരന്തരമായ കൃത്യാന്തരമാണെങ്കിൽ, ആത്മിക ഹൃദയം ദൈവത്തിന്റെ കൃത്യാന്തരമാണ്. ഹൃദയം പോകുന്നതുപോലെയാണ്, ഒരു വ്യക്തി അവനോടു കൂടെ നടക്കുന്നത്.

### ആത്മിക ഹൃദയം നിർവ്വചിച്ചിരിക്കുന്നു

ഹൃദയം ദൈവത്തിനു എത്രമാത്രം പ്രാധാന്യമുള്ളതാണ്? എനിക്കു സ്വന്തമായ പുസ്തകങ്ങളിൽവച്ച് ഏറ്റവും വലിയത് ബൈബിളിനെ സംബന്ധിച്ചു *യങ്ങ്സ് അനലിറ്റിക്കൽ കൺകോഡൻസ്* ആണ്. അതു തളർത്തുന്ന ശബ്ദസൂചിയാണ്, അതിനർത്ഥം അതിൽ ബൈബിളിലെ എല്ലാ വാക്കുകളും അക്ഷരമാല ക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതു ഒന്നി – ലധികം കോളങ്ങളായി തിരിച്ചുള്ള വലിയ പേജുകളും അച്ചടിയാണെങ്കിൽ വലുതാക്കി കാണിക്കുന്ന കണ്ണാടി ഉപയോഗിച്ചു വായിക്കാൻ പറ്റുന്ന ചെറിയ അക്ഷരങ്ങളോടുകൂടിയതുമാണ്, ഈ പുസ്തകത്തിൽ "ഹൃദയം" എന്ന വാക്ക് മൂന്നു മുഴുവൻ പേജുകളിൽ – ആയിര

ത്തിലധികം വാക്യങ്ങളും കൊടുത്തിട്ടുണ്ട്!

ആ വാക്യങ്ങളിൽ ഒന്നു ഞാൻ പറയാൻ ആഗ്രഹിക്കുന്നതു, മനോഹരമായി പ്രതിപാദിച്ചിട്ടുണ്ട്. നമുക്ക് അതൊന്നു നോക്കാം:

> യഹോവ ശമുവേലിനോടു, “അവന്റെ മുഖമോ പൊക്കമോ നോക്കരുത്, ഞാൻ അവനെ തള്ളിയിരിക്കുന്നു; മനുഷ്യൻ നോക്കുന്നതു പോലെയല്ല, മനുഷ്യൻ കണ്ണിനു കാണുന്നതു നോക്കുന്നു, യഹോവയോ ഹൃദയത്തെ നോക്കുന്നു എന്നു പറഞ്ഞു” (1 ശമുവേൽ 16:7).

“കാഴ്ച്ച” എന്നത് എബ്രായ വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നതിന്റെ അക്ഷരിക അർത്ഥം “മുഖം” എന്നാണ്. ദൈവം ശമുവേലിനോട് പുറമെയുള്ളതു നോക്കരുത് എന്നു പറഞ്ഞു. മനുഷ്യൻ ഉപരിതലത്തിൽ നോക്കി അഭിപ്രായം പറയുന്നു, പക്ഷെ ‘‘ദൈവം ഹൃദയത്തെ നോക്കുന്നു” – അദൃശ്യവും, തൊട്ടറിവാൻ കഴിയാത്തതുമായ, നമ്മുടെ അന്തർഭാഗ കേന്ദ്രം. അവിടെയാണ് നമ്മുടെ സ്നേഹവും, നമുക്ക് അവനിൽ താല്പര്യം ഉണ്ടോ ഇല്ലയോ, നാം ആത്മാർത്ഥതയുള്ളവരോ അല്ലയോ എന്നെല്ലാം അവനു കാണാൻ കഴിയും.

ആരോഗ്യമുള്ള ഹൃദയത്തെ തിരുവെഴുത്തിൽ പല പേരുകൾ വിളിച്ചിട്ടുണ്ട്: ആത്മാർത്ഥ ഹൃദയം, ശുദ്ധ ഹൃദയം, ജ്ഞാനമുള്ള ഹൃദയം, മനസ്സലിവുള്ള ഹൃദയം, സന്തോഷമുള്ള ഹൃദയം, ഔഷധം പോലെ നന്മ ചെയ്യുന്ന ഹൃദയം, ആനന്ദ ഹൃദയം, ഒരുക്കമുള്ള ഹൃദയങ്ങൾ, അങ്ങനെ നീണ്ടു പോകുന്നു അത്. രോഗമുള്ള ഹൃദയത്തെ കഠിന ഹൃദയം, ദുർവ്വാശിയുള്ള ഹൃദയം, വിഭജിക്കപ്പെട്ട ഹൃദയം, വഞ്ചിക്കപ്പെട്ടതും അഹങ്കാരമുള്ളതുമായ ഹൃദയമെന്നു വിളിച്ചിരിക്കുന്നു. വിഗ്രഹാരാധികളായ ആളുകളെ അവരുടെ ഹൃദയങ്ങൾ അന്യദേവന്മാരിലേക്കു തിരിഞ്ഞിരിക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. രോഗമുള്ള ഹൃദയം മോശമായ അവസ്ഥയിൽ എത്തിയാൽ, അതിനെ അന്ധമായ ഹൃദയം എന്നു വിളിച്ചിരിക്കുന്നു.

“ഹൃദയം” എന്ന വാക്കിന്റെ ചുരുങ്ങിയ പഠനം എത്രമാത്രം നമ്മുടെ പഠനം പ്രാധാന്യം ഉള്ളതാണെന്നു തെളിയിക്കുന്നു. എബ്രായ ഭാഷയിൽ, “ഹൃദയം” എന്നതിനു *ലേഹാബ്* എന്നാണ്: റോബെർട്ട് ഗേഡ്‌ലെ സ്ടോൺ ഈ വാക്കിനെ *പഴയ നിയമത്തിലെ പര്യായശബ്ദത്തിൽ* എന്ന പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്:

> ഇതു മാത്രമല്ല [ഹൃദയം] ഉൾപ്പെടുന്നതു, വികാരങ്ങൾ, തോന്നലുകൾ, മമത, ആഗ്രഹങ്ങൾ, എന്നിവയോടൊപ്പം, ലക്ഷ്യങ്ങൾ, തത്വങ്ങൾ, ചിന്തകൾ, ബുദ്ധി എന്നിവയും അടങ്ങുന്നു. വാസ്തവത്തിൽ ആന്തരികമായ എല്ലാം അതിൽ ചേർന്നു കിടക്കുന്നു എന്നു പറയാം. ബുദ്ധിയുടെ കേന്ദ്രമായി ഒരിക്കലും തല അറിയപ്പെട്ടിട്ടില്ല, എല്ലായ്പ്പോഴും ഹൃദയമാണ്. അതു എല്ലാ പ്രവൃത്തികളുടേയും ഉറവിടം ആകകൊണ്ട്, എല്ലാ ചിന്തയുടേയും

> തോന്നലുകളുടേയും കേന്ദ്രമാണ്, സകല സ്വാധീനങ്ങളുടേയും കേന്ദ്രമായി ഹൃദയത്തെ വിവരിച്ചിരിക്കുന്നു, പുറംലോകത്തിൽ നിന്നും ദൈവത്തിൽ നിന്നു തന്നെയും.[2]

പുതിയനിയമ തുല്യപദം *കാർഡിയ* എന്നാണ്, അതിൽ നിന്നാണ് നമുക്ക് "കാർഡിയോളജിസ്റ്റ്" എന്നും, "കാർഡിയാക് അറ്റെസ്റ്റ്," "കാർഡിയോഗ്രാം" എന്നുമുള്ള വാക്ക് കിട്ടിയത്. കിറ്റെൽ, തന്റെ ഒത - വാല്യമുള്ള *തിയോളജിക്കൽ ഡിക്ഷണറി ഓഫ് ദ ന്യു ടെസ്റ്റമെന്റ്* എന്ന പുസ്തകത്തിൽ, *കാർഡിയ* എന്ന വാക്കിന്റെ അർത്ഥം സൂചിപ്പിച്ചു പറഞ്ഞു:

> മനുഷ്യന്റെ ആന്തരിക ജീവിതത്തിന്റെ കേന്ദ്രമാണ് ഹൃദയം, എല്ലാ ശക്തികളുടേയും ഉറവിടം അഥവാ ഇരിപ്പിടം, ആത്മാവിന്റെയും പ്രാണന്റെയും സകലപ്രവൃത്തികളേയും പുതിയ നിയമത്തിൽ a. പല വിധത്തിലും സ്ഥിരീകരിച്ചിട്ടുണ്ട്. ഹൃദയത്തിൽ തോന്നലുകളും വികാരങ്ങളും ആഗ്രഹങ്ങളും. കാമം സന്തോഷം, ... വേദനയും ദു:ഖവും, ... സ്നേഹവും, ... ആഗ്രഹവും, ... b. ഹൃദയം മനസ്സിലാക്കലിന്റെ ഇരിപ്പിടമാണ്, സ്നേഹബന്ധത്തിന്റെയും ചിന്തയുടേയും ഉറവിടമാണ് ... c. ഹൃദയം ഇഛയുടെ ഇരിപ്പിടമാണ്, തീരുമാനങ്ങളുടേയും ഉറവിടമാണ്.... അതുകൊണ്ട് [*കാർഡിയ*] ആന്തരിക വ്യക്തിക്കു മുഴുവനായും നിലകൊള്ളുന്നു അതുപുറമെയുള്ള വ്യക്തിക്കു വീപരീതമാണ്, ... അതുകൊണ്ട് മനുഷ്യരിലെ പ്രധാന ഭാഗം ദൈവം തിരിച്ചു, അതിൽ മതപരമായ വേരൂന്നി, ധാർമ്മിക സ്വഭാവത്തെ തീരുമാനിക്കുന്നു.[3]

നിങ്ങളുടെ ഹൃദയം എങ്ങനെപോകുന്നുവോ, അങ്ങനെയാണ് നിങ്ങൾക്ക് ദൈവത്തോടും, ദൈവേഷ്ടത്തോടും, നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ ഉദ്ദേശത്തോടും ഉള്ള ആഗ്രഹവും. ഭൗതിക ഹൃദയത്തെ ബാധിച്ചാൽ, ശരീരം മുഴുവൻ ബാധിക്കും. അതുപോലെ, ആത്മിയ ഹൃദയം കഠിനപ്പെട്ടാൽ, ദുർവ്വാശി പിടിച്ചാൽ, രോഗം ബാധിച്ചാൽ, അത് ഒരാളുടെ ദൈവത്തോടുകൂടിയുള്ള നടപ്പിനെ മുഴുവൻ ബാധിക്കും.

നിങ്ങളുടെ ആത്മികഹൃദയത്തിന്റെ കുഴപ്പം ഒരു ഡോക്ടർക്കും കണ്ടുപിടിക്കാൻ സാധ്യമല്ല. നിങ്ങളുടെ ഹൃദയത്തിന്റെ വാസ്തവത്തിലുള്ള അവസ്ഥ മനസിലാക്കാൻ പറ്റിയ ഒരു യന്ത്രവും മനുഷ്യനു കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. എങ്ങനെയായാലും, നമ്മിൽ ആർക്കും ഒരിക്കലും മറ്റൊരാളുടെ ഹൃദയം നോക്കുവാനും കഴിയുകയില്ല, നമുക്കു നമ്മുടെ ഹൃദയങ്ങളിലേക്കു നോക്കുവാൻ ദൈവം ഒരു ഉപകരണം നല്കിയിട്ടുണ്ട്: അതു ബൈബിൾ എന്ന പുസ്തകമാണ്. നാം വായിക്കുന്നു,

> ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരു - വായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും, പ്രാണ

നെയും ആത്മാവിനേയും സന്ധി മജ്ജകളെയും വേറുവിടുവിക്കും വരെ തുളെച്ചു ചെല്ലുന്നതും, ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു (എബ്രായർ 4:12).

ദൈവം ഓരോ ദിവസവും തന്റെ ശസ്ത്രക്രിയാ കത്തികൊണ്ട് "തുറന്ന – ഹൃദയശസ്ത്രക്രിയ" നടത്തുന്നു!

നമ്മുടെ ഹൃദയങ്ങളിലെ രോഗാവസ്ഥയെ ബൈബിൾ തുറന്നുകാണിക്കുമ്പോൾ, നിഷേധത്തെ നാം സൂക്ഷിക്കണം. ഹൃദയാഘാതങ്ങളുള്ള അനേകർക്ക് അതു നിഷേധത്തിൽ നിന്നാണ് തുടങ്ങുന്നത്: "ഇതു എനിക്കു സംഭവിക്കുന്നതല്ല. ഇതു വെറുമൊരു ദു:സ്വപ്നമോ, അല്ലെങ്കിൽ മോശമായ ആഹാരത്തിന്റേതോ ആണ്!" ദൈവത്തിൽ നിന്നു അകറ്റുന്നതിനു ഹൃദയങ്ങളെ അനുനയിപ്പിക്കുന്ന ഉദ്യമങ്ങളുടെ ഓരോ സമ്മർദ്ദമാണ് ലോകത്തിലുള്ളത്, ദൈവേഷ്ടം അനുസരിക്കാതിരിക്കാൻ നമ്മുടെ ഹൃദയങ്ങളെ കഠിനപ്പെടുത്തും. അതു നമുക്ക് സംഭവിക്കുമ്പോൾ, പലപ്പോഴും നമ്മുടെ ആദ്യ പ്രതികരണം, സംഭവിക്കുന്നതിനെ നിഷേധിക്കുകയാണ്. അടുത്ത ഏതാനും നിമിഷങ്ങളിൽ, നാം ഹൃദയത്തെക്കുറിച്ചുള്ള പ്രധാന സത്യങ്ങളെ പഠിക്കുവാൻ പോകുന്നതുകൊണ്ട് നിഷേധത്തിനെതിരായി സൂക്ഷിക്കുക.

## ആത്മിക ഹൃദയം ലക്ഷണങ്ങൾകൊണ്ട് നിർണ്ണയിച്ചിരിക്കുന്നു

### യെശയ്യാവ് 29

ആദ്യം, നമുക്ക് യെശയ്യാവ് 29 ലേക്കു പോകാം. നമുക്ക് ഈ വേദഭാഗത്തിലേക്കു പോയി ബൈബിൾ സംബന്ധമായ ഒരു ഹൃദയ ചലനരേഖ നോക്കാം. നിങ്ങളുടെ ഹൃദയത്തിന്റെ അവസ്ഥ എനിക്കു പറയാൻ കഴിയുകയില്ലെങ്കിലും, സൂക്ഷ്മപരിശോധന നടത്താനുള്ള ഉപകരണം കണ്ടെത്താൻ നിങ്ങളെ സഹായിക്കാൻ എനിക്കു കഴിയും. നിങ്ങൾ നിങ്ങളുടെ ഹൃദയചലനരേഖ വായിക്കണം. നിങ്ങളുടെ ഹൃദയത്തിന്റെ ആരോഗ്യം ദൈവമുമ്പാകെ ആത്മാർത്ഥമായി നിങ്ങൾ മറുപടി നല്കണം.

"അയ്യോ എന്ന അരുളപ്പാടുകളുടെ" സന്ദർഭമാണ് പ്രവാചകൻ യെശയ്യാവ് 29-ൽ നല്കുന്നത്. 28 മുതൽ 33 വരെയുള്ള അദ്ധ്യായങ്ങളിൽ ഒന്നു മാത്രം തുടങ്ങുന്നത് "അയ്യോ" എന്ന വാക്കുകൊണ്ടാണ്:

> എഫ്രയിമിലെ കുടിയാൻമാരുടെ ഡംഭ കിരീടത്തിനും വീഞ്ഞു കുടിച്ചു ലഹരി പിടിച്ചവർക്കും അയ്യോ കഷ്ടം (28:1).

> അയ്യോ, അരീയേലേ, അരീയേലേ ദാവീദ് പാളയമിറങ്ങിയിരുന്ന നഗരമേ! (29:1; "അരീയേൽ" ഒരുപക്ഷെ യെരുശലേം ആകാം).

> "മത്സരമുള്ള മക്കൾക്കു അയ്യോ കഷ്ടം," യഹോവ അരുളി

ച്ചെയ്യുന്നു (30:1).

> മിസ്രയിമിനെ സഹായത്തിനായി ആശ്രയിക്കുന്നവർക്കു അയ്യോ കഷ്ടം (31:1).
>
> ഒരു രാജാവു, നീതിയോടെ വാഴും, പ്രഭുക്കന്മാർ അധികാരം നടത്തും (32:1; ഉള്ളതു ഒഴികഴിവാകുന്നു).
>
> സാഹസം അനുഭവിക്കാതെ, സാഹസം ചെയ്കയും, ... എന്നോട് ആരും ദ്രോഹം പ്രവർത്തിക്കാതെ ദ്രോഹം പ്രവർത്തിക്കയും ചെയ്യുന്നവനേ നിനക്കു, അയ്യോ കഷ്ടം; ... (33:1).

ഇവിടെ അടിക്കടി നാശ ദിവസങ്ങളെപ്പറ്റി പറയുന്നു. യിസ്രായേലിന്റെ നേതൃത്വത്തിനെതിരായി യെശയ്യാവ് വിരൽ ചൂണ്ടി, പറയുന്നു, "സാഹസം വരുന്നു, അതുകൊണ്ട് ഉണരുവിൻ!" വേദഭാഗത്ത് അവൻ ശാന്തമായി എഴുതി, പക്ഷെ കാമാർത്തി ഉയർന്ന് വളരെ വർദ്ധിക്കുന്നതായി, നാം അദ്ധ്യായം ഓരോന്നു വായിക്കുന്തോറും അയ്യോ മുതൽ അയ്യോ വരെ കാണാം.

29–ാം അദ്ധ്യായത്തിന്റെ മദ്ധ്യേ, 13–ാം വാക്യത്തിൽ, പ്രവാചകന്റെ വാക്കുകൾ വ്യക്തിപരമാകുന്നു. രോഗ നിർണ്ണയം ഊന്നിപ്പറയുന്നതിനു മുൻപു, നമുക്ക് ലക്ഷണങ്ങൾ ശ്രദ്ധിക്കാം:

(1) *ഹൃദയരഹിതമായ സേവനം* (വാക്യം 13). "പിന്നെ കർത്താവ് പറഞ്ഞതു, 'ഈ ജനം അടുത്തു വന്നു വായ്കൊണ്ടും, അധരം കൊണ്ടും എന്നെ ബഹുമാനിക്കുന്നു. എങ്കിലും തങ്ങളുടെ ഹൃദയത്തെ അവർ എങ്കിൽ നിന്നു ദൂരത്തു അകറ്റി വെച്ചിരിക്കുന്നു'" (വാക്യം 13). ദൈവം പറഞ്ഞതു, "അവർ എന്റെ മുൻപിൽ ഭക്തിയുള്ള വാക്കുകൾ സംസാരിക്കുന്നു. എന്നെ പുകഴ്ത്തുന്നു. അവരുടെ വാക്കുകൾ ശരി, *പക്ഷെ* ... ." ഭക്തിയുള്ള വാക്കുകൾ സംസാരിക്കുന്നതും ദൈവത്തെ പുകഴ്ത്തുകയും സൂചിപ്പിക്കുന്നതു ഒരു പക്ഷെ യിസ്രായേലിന്റെ പ്രാർത്ഥന ആകാം. ഒന്നാം അദ്ധ്യായത്തിൽ യഹോവ പറഞ്ഞു, "നിങ്ങൾ കൈ മലർക്കുമ്പോൾ, ഞാൻ എന്റെ കണ്ണു മറച്ചുകളയും, അതെ, നിങ്ങൾ എത്ര തന്നെ പ്രാർത്ഥന കഴിച്ചാലും, ഞാൻ കേൾക്കയില്ല നിങ്ങളുടെ കൈ രക്തം കൊണ്ട് നിറഞ്ഞിരിക്കുന്നു" (1:15).

നമുക്ക് 29–ാം അദ്ധ്യായത്തിലേക്കു മടങ്ങി വരാം: 13–ാം വാക്യത്തിന്റെ അവസാനം, കർത്താവു കൂട്ടിച്ചേർത്തു, "എന്നോടുള്ള അവരുടെ ഭക്തി മനഃപ്പാഠമാക്കിയ മാനുഷകല്പനയത്രെ" (വാക്യം 13). കുട്ടികൾ ആയിരുന്നതു മുതൽ സഭയിൽ ആരാധനക്കു പൊയ്ക്കൊണ്ടിരുന്ന നമ്മോടാണ് ഇതു പറയുന്നത്, പാട്ടുകൾ മനഃപ്പാഠമാക്കിയവരോട്, ബൈബിളിലെ പുസ്തകങ്ങൾ എല്ലാം കാണാതെ പഠിച്ചവരോട്, മിനിറ്റു കൾ നീളുന്ന പ്രാർത്ഥന പെട്ടെന്ന് തയ്യാറാക്കാൻ അറിയുന്നവരോട് ആണ് പറയുന്നത്. നമ്മുടെ മതം വ്യക്തിപരമാണോ – അതോ വെറുതെ "മനഃപ്പാഠമാക്കിയതാണോ"? യിസ്രായേലിന്റെ ആത്മീയ പതനത്തിന്റെ ആദ്യ ലക്ഷണം.

അവർ അവർ ചെയ്യുന്നതിൽ അവരുടെ ഹൃദയം ഇല്ലായിരുന്നു എന്നതാണ്.

(2) *രഹസ്യ പാപങ്ങൾ (വാക്യം 15).* വാക്യം 15–ൽ രണ്ടാമത്തെ ലക്ഷണം പറയുന്നു: ആരും കാണുകയില്ല എന്നതുകൊണ്ട് ചെയ്യരുതെന്ന് അറിയാവുന്ന കാര്യങ്ങൾ ചെയ്തിരുന്നു. "യഹോവക്കു മറെച്ചുവക്കുവാൻ നോക്കുകയും, തങ്ങളുടെ പ്രവൃത്തികളെ അന്ധകാരത്തിൽ ചെയ്കയും, 'ഞങ്ങളെ ആർ കാണുന്നു?' അല്ലെങ്കിൽ 'ഞങ്ങളെ ആർ അറിയുന്നു?' എന്നു, പറകയും ചെയ്യുന്നവർക്കു അയ്യോ കഷ്ടം." കുട്ടികളായിരുന്നപ്പോൾ, നമ്മിൽ ചില അമ്മമാർ "വായന നിർത്തി പോയി കിടന്നുറങ്ങ്!" എന്നു പറയുമ്പോൾ നാം ടോർച്ച് – ലൈറ്റ് – പുതപ്പിനടിയിൽ – വെക്കുകയും അതെടുത്തു വായിക്കുകയും ചെയ്യും. നമ്മൾ വിചാരിക്കും നാം അമ്മമാരെ വിഡ്ഢികളാക്കിയെന്ന്, എന്നാൽ വിരളമായി നാം അങ്ങനെ ചെയ്തിട്ടുണ്ട്. അനേകം ആളുകൾ രഹസ്യത്തിൽ പാപം ചെയ്തു ദൈവത്തെ വിഡ്ഢിയാക്കാൻ ശ്രമിക്കുന്നു, പക്ഷെ അവർക്ക് കഴിയില്ല. ദൈവം എല്ലാം കാണുന്നു; ദൈവം എല്ലാം അറിയുന്നു!

(3) *തെറ്റിദ്ധരിച്ച വിവേചനം (വാക്യം 16).* മൂന്നാമത്തെ ലക്ഷണം മറ്റു രണ്ടിന്റേയും യുക്തിപരമായ ഫലമായുണ്ടാകുന്നതാണ്: അവരുടെ ചിന്താ നടപടിയെ ബാധിച്ചിരുന്നു. വാക്യം 16 തുടങ്ങുന്നതു, "ഇതെന്തൊരു മറവ്!" എന്നാണ്. മറ്റൊരു വാക്കിൽ, ദൈവം അവരോടു പറഞ്ഞു, "നിങ്ങൾ തെറ്റിദ്ധരിച്ചിരിക്കുന്നു!" പ്രത്യേകിച്ചു, ദൈവം ഒരു മനുഷ്യനാണെന്നു അവർ വിചാരിച്ചു. ഇതു വിഡ്ഢിത്തം പോലെയാണെന്നു, പ്രവാചകൻ പറഞ്ഞു, മണ്ണിനു കുശവനോട് തിരിച്ചു സംസാരിക്കുവാൻ കഴിയുമെന്നതുപോലെ: "കുശവനും കളിമണ്ണും ഒരു പോലെ എന്നു വിചാരിക്കാമോ, ഉണ്ടായതു ഉണ്ടാക്കിയവനെക്കുറിച്ചു, 'അവൻ എന്നെ ഉണ്ടാക്കിയില്ല' എന്നും; ഉണ്ടായതു ഉണ്ടാക്കിയവനെക്കുറിച്ചു, 'അവനു ബുദ്ധിയില്ല എന്നും പറയുമോ'?" (വാക്യം 16). കുശവൻ ഉണ്ടാക്കുന്നവനാണ്, ഉണക്കുന്നവൻ ആഗ്രഹിക്കുന്നതുസരിച്ചു കളിമണ്ണ് ആകുന്നു. എങ്ങനെയായാലും, ആളുകളുടെ ഹൃദയം കഠിനപ്പെടുമ്പോൾ, ദൈവത്തിനു അവരുടെ ജീവിതത്തെ നിയന്ത്രിക്കാൻ കഴിയുകയില്ല എന്നവർ വിചാരിക്കും.

ലക്ഷണങ്ങൾ ശ്രദ്ധിച്ചതിനുശേഷം, നമുക്ക് 13–ാം വാക്യത്തിന്റെ മദ്ധ്യത്തിലേക്ക് രോഗ നിർണ്ണയത്തിനു മടങ്ങി വരാം: "എങ്കിലും തങ്ങളുടെ *ഹൃദയത്തെ എങ്കൽ* നിന്നു അകറ്റിയിരിക്കുന്നു" (വാക്യം 13; ഊന്നൽ എന്റേത്). ആളുകളുടെ ഹൃദയത്തിനു കുഴപ്പമാണെന്നാണ് ദൈവം പറഞ്ഞത്!

നിങ്ങളുടെ ഹൃദയത്തിനു കുഴപ്പം ഉണ്ടെങ്കിൽ, ഒരുപക്ഷെ മറ്റാർക്കും അതു പറയാൻ കഴിഞ്ഞെന്നു വരികയില്ല. ഏറ്റവും നിർഭരമായ പ്രാർത്ഥന നടക്കുന്നവർ, മനോഹരമായി പാടുന്നവർ, വാക്കുകളാൽ വശീകരിച്ചു നൂറുകണക്കിന് ആളുകളെ പിടിച്ചു നിർത്താൻ കഴിവുള്ളവർ, എന്നിവർക്കും ഹൃദയരോഗങ്ങൾ ഉണ്ടാകാം. എനിക്ക് ഭൗതികമായി ഹൃദയഘാതം ഉണ്ടാകുന്നതു നിങ്ങൾക്കു തിരിച്ചറിയാം, എന്നാൽ എന്റെ

ഹൃദയം കഠിനപ്പെട്ടിരിക്കുന്നു എന്ന് എന്നെ നോക്കി പറയാനാവില്ല. എനിക്ക് നിങ്ങളെയും, നിങ്ങൾക്കു എന്നെയും വഞ്ചിക്കാൻ കഴിയും; പക്ഷെ നമുക്കു രണ്ടു കൂട്ടർക്കും ദൈവത്തെ വഞ്ചിക്കാൻ സാധ്യമല്ല. യെശയ്യാവിന്റെ കാലത്ത് ആളുകളുടെ ഹൃദയാവസ്ഥ അവനു കാണാൻ കഴിഞ്ഞു, ഇന്നും അവനു ഓരോരുത്തരുടേയും ഹൃദയാവസ്ഥ കാണാൻ കഴിയും.

**മത്തായി 15**

"എന്നാൽ അതു പഴയ നിയമത്തിൽ ഉള്ളതാണ്. യെഹൂദന്മാർക്ക് എഴുതപ്പെട്ടത്. അതു നമ്മെ ബാധിക്കുമെന്ന് നിങ്ങൾക്കു എങ്ങനെ പറയാം?" എന്നു, ചോദിച്ചേക്കാം. നമുക്കു പുതിയ നിയമത്തിൽ, മത്തായി 15 ലേക്കു പോകാം. പ്രവാചകൻ യെശയ്യാവ് 29 എഴുതി നൂറുകണക്കിനു വർഷങ്ങൾക്കുശേഷവും, ആളുകളുടെ അധരവും വായും ഭക്തിയുള്ള തും, അവരുടെ ഹൃദയങ്ങൾ ശരിയല്ലാതെയും ഇരിക്കുന്നു. അതുകൊണ്ട്, യേശു അവനെ ഏറ്റവും വിമർശിച്ചുകൊണ്ടിരിക്കുന്നവർക്കെതിരെ യെശ യ്യാവിന്റെ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു: ശാസ്ത്രിമാരും പരീശന്മാരും.

"അനന്തരം യെരുശലേമിൽ നിന്നു പരീശന്മാരും ശാസ്ത്രിമാരും യേശുവിന്റെ അടുക്കൽ വന്നു, 'നിന്റെ ശിഷ്യന്മാർ പൂർവ്വന്മാരുടെ സമ്പ്ര ദായം ലംഘിക്കുന്നതു എന്ത്? അവർ ഭക്ഷിക്കുമ്പോൾ കൈ കഴുകുന്നി ല്ലല്ലൊ, എന്നു പറഞ്ഞു'" (വാക്യങ്ങൾ 1, 2). ഹൃദയം നോക്കുന്നതിനു പകരം പുറമെയുള്ളതു നോക്കുന്നതിന്റെ ഒരു പ്രത്യേക ഉദാഹരണം ഇതാ:

> "നിങ്ങളുടെ സമ്പ്രദായം കൊണ്ടു നിങ്ങൾ ദൈവകല്പന ലംഘി ക്കുന്നതു എന്ത്? 'അപ്പനെയും അമ്മയെയും ബഹുമാനിക്ക' എന്നും, കൂടെ, 'അപ്പനെയോ അമ്മയെയോ ദുഷിക്കുന്നവൻ, മരി ക്കേണം' എന്നും, ദൈവം കല്പിച്ചുവല്ലൊ. 'നിങ്ങളോ ഒരുത്തൻ അപ്പനോടു എങ്കിലും അമ്മയോട് എങ്കിലും, "നിനക്കു എന്നാൽ ഉപകാരമായി വരേണ്ടത് വഴിപാട് എന്നു പറഞ്ഞാൽ," അവൻ അപ്പനെ ബഹുമാനിക്കേണ്ടാ എന്നു പറയുന്നു.' ഇങ്ങനെ നിങ്ങ ളുടെ സമ്പ്രദായത്താൽ നിങ്ങൾ ദൈവവചനത്തെ ദുർബ്ബലമാക്കി യിരിക്കുന്നു" (വാക്യങ്ങൾ 3-6).

"അധികാരം" (*കുറോസ്*) എന്ന ഗ്രീക്ക് വാക്കിന്റെ ക്രിയാരൂപം തർജ്ജിമ ചെയ്തതിൽ നിന്നാണ് "ദുർബ്ബലം" എന്ന വാക്ക് നമുക്ക് കിട്ടി യിരിക്കുന്നത്. ആ വാക്കിന്റെ മുൻപിൽ ആൽഫാ[4] എന്നുണ്ട്, അതു നമ്മുടെ ഉപസർഗ്ഗ പദങ്ങൾക്കു *അൺ നോൺ* തുല്യമാണ്; അതുകൊണ്ട്, യേശു പറഞ്ഞു, "നിങ്ങൾ ദൈവവചനത്തെ നിങ്ങളുടെ സമ്പ്രദായ ത്താൽ അധികാരമില്ലാത്തതാക്കി മാറ്റി."

യേശു തുടരുന്നു: "കപടഭക്തിക്കാരേ" (വാക്യം 7)! നിങ്ങൾ അവ സാനമായി എപ്പോഴാണ് ആരെയെങ്കിലും, "കപടഭക്തിക്കാരെ" എന്നു

വിളിച്ചത്? ഒരുപക്ഷെ ഒരിക്കലും നിങ്ങളുടെ ജീവിതത്തിൽ സംഭവിച്ചു കാണുകയില്ല, എന്നാൽ അങ്ങനെ പറയേണ്ട ശരിയായ സാഹചര്യം വന്നിരുന്നെങ്കിലും. നിയമമനുസരിച്ച്, ആളുകൾ അങ്ങനെ തന്നെ യാണോ അല്ലയോ എന്നു തീർച്ചയില്ലാത്തതുകൊണ്ട്, നാം ആളുകളെ കപടഭക്തിക്കാർ എന്നു വിളിക്കാറില്ല - എന്നാൽ യേശുവിനു കഴിഞ്ഞു. യേശുവിനു തന്നെ വിമർശിച്ചവരുടെ ഹൃദയങ്ങൾ അറിയാവുന്നതു കൊണ്ട്, ഫലത്തിൽ ഇങ്ങനെ പറഞ്ഞു, "നിങ്ങൾ കണ്ടുപിടിക്കുന്നത് പുറമെയുള്ള കാര്യമാണ്, നിങ്ങളുടെ സമ്പ്രദായങ്ങൾ പ്രമാണിക്കാത്ത വരെ നിങ്ങൾ വിമർശിക്കുന്നു; എന്നാൽ നിങ്ങളുടെ ഉള്ളിൽ വാസ്തവ ത്തിൽ ദൈവസ്നേഹം ഇല്ല. നിങ്ങളുടെ ഹൃദയം രോഗം ബാധിച്ചു, ചീഞ്ഞളിഞ്ഞിരിക്കുന്നു!"

നാം യെശയ്യാവ് 29-ൽ നോക്കിയ വാക്യങ്ങളാണ് യേശു മത്തായി 15:7-9-ൽ യേശു ഉദ്ധരിച്ചത്: "... നിങ്ങളെക്കുറിച്ചു, പ്രവാചകൻ പ്രവചി ച്ചത് ഒത്തിരിക്കുന്നു, 'ഈ ജനം അധരം കൊണ്ടു എന്നെ ബഹുമാനി ക്കുന്നു, എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ട് അകന്നിരിക്കുന്നു. മാനുഷ കല്പനകളായ ഉപദേശങ്ങളെ, അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു.'" വലിയ ഡോക്ടർ മനുഷ്യരെ പരി ശോധിച്ചു ഈ രോഗനിർണ്ണയം കൊടുത്തു: "നിങ്ങൾ അതിനു എന്തെ ങ്കിലും ചെയ്തില്ലെങ്കിൽ, നിങ്ങളുടെ സ്ഥിതി ഗുരുതരാവസ്ഥയിലാകും. പ്രത്യാശയില്ല. നിങ്ങളുടെ ഹൃദയകുഴപ്പം അന്ത്യവിധി ആസന്നമാകുന്ന താണ്!"

പരീശസ്ഥരിൽ നിന്നു തിരിഞ്ഞു കൂടി വന്ന മറ്റുള്ളവരോട് യേശു പറഞ്ഞു, "കേട്ടു, ഗ്രഹിച്ചുകൊൾവിൻ. മനുഷ്യന്നു അശുദ്ധി വരുത്തു ന്നത് വായിക്കകത്തു ചെല്ലുന്നതല്ല, വായിൽ നിന്നു പുറപ്പെടുന്നതത്രേ, അതു മനുഷ്യനെ അശുദ്ധമാകുന്നു" (വാക്യങ്ങൾ 10, 11). ഏതെങ്കിലും ഒരു ബുക്ക് സ്റ്റോറിൽ പോയാൽ വായിക്കകത്തു പോകുന്നതിനെക്കു റിച്ചു വാല്യങ്ങൾ ഉള്ള പുസ്തകങ്ങൾ കാണും - പാചകപുസ്തകങ്ങൾ, പോഷകാഹാര പുസ്തകങ്ങൾ, മുതലായവ - എന്നാൽ വായിൽ നിന്നു *പുറത്തു* പോകുന്നതിനെക്കുറിച്ചു അധികമൊന്നും കാണുകയില്ല. വായി ക്കകത്തേക്കു പോകുന്നതു പ്രാധാന്യമുള്ളതാണ്, എന്നാൽ വായിൽ നിന്നു പുറത്തു വരുന്നതു അധികം പ്രാധാന്യമുള്ളതാണ് - നമ്മുടെ ഹൃദയത്തിലുള്ളതാണ് വാക്കുകൾ വെളിപ്പെടുത്തുന്നത് (ലൂക്കൊസ് 6:45).

ശാസ്ത്രിമാരുടേയും പരീശന്മാരുടേയും ആന്തരികമനുഷ്യനിലേക്കു യേശു ആഴത്തിൽ ഇറങ്ങിച്ചെന്നു, ഫലത്തിൽ, പറഞ്ഞതു, "നിങ്ങളുടെ പ്രശ്നം ആരാധനാ പ്രശ്നമായിരിക്കണം എന്നില്ല; ഉപദേശപരമായ പ്രശ്നം ആകണമെന്നില്ല; നിങ്ങളുടെ പ്രശ്നം ഹൃദയപ്രശ്നമാകാം!"

ആളുകൾ വിശ്വസ്തമായി സഭായോഗത്തിൽ സംബന്ധിക്കുന്നില്ലെ ങ്കിൽ, അതു ഒരുപക്ഷെ സാന്നിദ്ധ്യ പ്രശ്നമായിരിക്കയില്ല മറിച്ച് ഹൃദയ പ്രശ്നമാകാം. നാം കൊടുക്കേണ്ടതുപോലെ കൊടുക്കാതിരുന്നതിൽ ഞാൻ ഉൾപ്പെടാറുണ്ട്. ഇതു സഭയ്ക്കു ചെയ്യാൻ കഴിയുന്നതിനെ വലു തായി സാധിക്കും. എങ്ങനെയായാലും, ഓരോ ആഴ്ച്ചയിലും നമ്മുടെ

ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലെ ധർമ്മശേഖരം കുറഞ്ഞുവരുമ്പോൾ, നാം സംസാരിക്കുന്നത് നല്ലതിൽ പ്രശ്നമല്ല. നാം സംസാരിക്കുന്നത് ഹൃദയ പ്രശ്നമാണ്. നമുക്കു കഴിയാവുന്നത്ര പേരെ പഠിപ്പിച്ചു സ്നാന പ്പെടുത്താതിരിക്കുന്നതു എന്നെ ദു:ഖിപ്പിച്ചിട്ടുണ്ട്. വീണ്ടും, എങ്ങനെയാ യാലും, നാം സംസാരിക്കുന്നതു ആത്മാക്കളെ – നേടുന്ന പ്രശ്നമല്ല സംസാരിക്കുന്നത്, നാം ഹൃദയ പ്രശ്നത്തെക്കുറിച്ചാണ് സംസാരിക്കു ന്നത്.

**ഉപസംഹാരം**

എനിക്കു നിങ്ങളുടെ ഹൃദയത്തിലേക്കു നോക്കുവാനും, നിങ്ങൾക്കു എന്റെ ഹൃദയത്തിലേക്കു നോക്കുവാനും ഒരു വഴിയുമില്ല. അവസാനം, അതു ഓരോരുത്തർക്കു ദൈവവുമായുള്ള ബന്ധമായിത്തീരും. എന്റെ ഹൃദയത്തിന് എന്താകൃതി ആണുള്ളത്? നിങ്ങളുടെ ഹൃദയത്തിന്റേതോ? നിങ്ങളുടെ ഹൃദയം ഏതു ആകൃതിയിലുള്ളതാണ് അതറിയുവാൻ സഹാ യിക്കുന്ന ചില ഹൃദയാന്വേഷണ ചോദ്യങ്ങൾ ഇതാ:

1. എനിക്ക് ആരാധന ഒരു ചടങ്ങിനേക്കാൾ കൂടുതലായിത്തീരു ന്നുണ്ടോ?

2. വെറും അധര – സേവനം എന്നപോലെ, പ്രാർത്ഥന അർത്ഥശൂ ന്യമായ വാക്കുകൾ മാത്രമാകുന്നുവോ?

3. എന്റെ ആവശ്യങ്ങളോടു, ദൈവം അതിന്നു അന്യനായിരിക്കുന്നു എന്നു തോന്നുന്നുവോ?

4. അവയുടെ എല്ലാം ഉറവിടത്തെ ഉപേക്ഷിച്ചു ബാഹ്യമായ കാര്യ ങ്ങളിൽ ഞാൻ ബദ്ധശ്രദ്ധനാകുന്നുണ്ടോ?

5. ദൈവത്തിന്റെ അധികാരത്തിനും അവന്റെ വചനത്തിനും മുക ളിലേക്ക് എന്റെ ഇഷ്ടം ഞാൻ ഉയർത്തുന്നുണ്ടോ?

6. ദുഷ്ടതയെ എന്റെ ഹൃദയത്തിലും ജീവിതത്തിലും – ഞാൻ ഉണ്ടാ ക്കിയതാകാം, അതിനെ ഞാൻ സഹിക്കുകയാണോ?

7. ഈ വിധത്തിൽ ഞാൻ ശ്രദ്ധിക്കാതെ, ജീവിതം നയിക്കയാണോ? എന്റെ ഹൃദയം കഠിനപ്പെട്ട് കഠിനപ്പെട്ടുകൊണ്ടിരിക്കയാണോ?

ഒരിക്കൽ കൂടെ ശരീരം മുഴുവൻ രക്തം അടിച്ചുവിടുന്ന ആ പൊള്ള യായ പേശിയെക്കുറിച്ചു ചിന്തിക്കുക. ഭൗതിക ജീവിതമെല്ലാം ആ പേശി യിൽ ഒതുങ്ങുന്നതാണ്. ഇനി ബൈബിളിലെ ഹൃദയത്തെ ഊഹിക്കുന്ന, നമ്മുടെ ആത്മിയ ജീവിതത്തിന്റെ ഉറവിടം, രോഗം ബാധിച്ചാലും, ദൈവ സഹായത്താൽ ചിലതു ചെയ്തില്ലെങ്കിൽ ആത്മിയ മരണം തീർച്ച.

നിങ്ങളുടെ കഠിനപ്പെട്ട, രോഗം ബാധിച്ച ഹൃദയത്തെ തിരുമ്മി പഴയ ജീവിതത്തിലേക്കു കൊണ്ടുവരാൻ ദൈവത്തിനു കഴിയും. ക്രിസ്തുവിന്റെ രക്തത്തിനു നിങ്ങളുടെ ഹൃദയത്തെ ശുദ്ധീകരിച്ചു നിർമ്മലമാക്കാൻ കഴി യും. എങ്ങനെയായാലും, അതു കീഴ്പ്പെടലോടെ തുടങ്ങുന്നു. നിങ്ങളാൽ ദൈവത്തിന് കീഴ്പ്പെടുമോ? നിങ്ങൾ ക്രിസ്തുവിനോടു ചേരുവാൻ സ്നാനപ്പെട്ടില്ലെങ്കിൽ, എന്തുകൊണ്ട് അതു ഇന്നു ചെയ്തുകൂടാ (മർ ക്കൊസ് 16:16; പ്രവൃത്തികൾ 2:38)? കർത്താവിനോടു യഥാസ്നാനപ്പെ ടേണ്ട, സമയം ഇപ്പോഴാണ് (പ്രവൃത്തികൾ 8:22, 23; യാക്കൊബ് 5:16).

കുറിപ്പുകൾ

[1]അനേക വർഷങ്ങൾക്കു മുമ്പ് ചാൾസ് സ്വീൻഡൻ റേഡിയോയിൽ പ്രസംഗിച്ച വിഷയത്തെ ആസ്പദമാക്കിയതാണ് ഈ പാഠം. [2]റോബെർട്ട് ബേക്കർ ഗേർഡ്ലെസ്ടോൺ, *സിനൊണിംസ് ഓഫ് ദ ഓൾഡ് ടെസ്റ്റമെന്റ്* (എൻ. പി.: 1897; റിപ്രൊഡക്ഷൻ, ഗ്രാന്റ് റാപ്പിഡ്സ്, മൈക്.: ഡബ്ലിയു എം.ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., എൻ.ഡി.), 65. [3]ജോഹന്നാസ് ബേം, "കാർഡിയ," ഇൻ *തിയോളജിക്കൽ ഡിക്ഷണറി ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്*, ഇഡി. ജെർ ഹാർഡ് കിറ്റെൽ, ട്രാൻസ്. ആന്റ് എഡി. ജെഫ്രെ ഡബ്ലിയു. ബ്രോംലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്.: ഡബ്ലിയു എം.ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1965), 3:611–12. [4]ഗ്രീക്ക് അക്ഷരമാലയിലെ ആദ്യഅക്ഷരമാണ് ആൽഫ, അതു ഇംഗ്ലീഷിലെ "എ" എന്നതുപോലെയാണ്.

© 2009 Truth for Today